# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2658** 10.12.2014-ൽ മറുപടിക്ക്

## ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ Geriatric Clinic

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ 60 വയസ്സിനു മുകളിൽ പ്രായമുള്ള രോഗികളെ ചികിത്സിക്കുന്നതിനായി Geriatric Clinic പ്രവർത്തിക്കുന്നുണ്ടോ ; എന്നാണ് ഇത് ഉദ്ഘാടനം ചെയ്തത് ; യാതൊരു പ്രചരണവും നൽകാതെയും സ്ഥലം എം.എൽ.എ -യെ പോലും അറിയിക്കാതെയുമാണ് ഇതിന്റെ ഉദ്ഘാടനം നടത്തിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ചേർത്തല താലൂക്ക് ആശുപത്രിയിൽ ജെറിയാട്രിക് ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. ഈ ആശുപത്രി 60 വയസ്സിന് മുകളിൽ പ്രായമുള്ള രോഗികളെ ജെറിയാട്രിക് വിഭാഗമായി പരിഗണിച്ചുകൊണ്ട് പ്രത്യേകം ചികിത്സ നൽകി വരുന്നുണ്ടായിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസറുടെ 28.02.2014 ലെ സി2-3978/2014 നമ്പർ ഉത്തരവ് പ്രകാരം 60 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ രോഗികൾക്കും പ്രത്യേക പരിഗണന നൽകി കൊണ്ടുള്ള ജെറിയാട്രിക് ഒ.പി. ക്രമീകരിക്കണമെന്ന നിർദ്ദേശ പ്രകാരം ഇതിനായി ഒരു പ്രത്യേക മുറി ഒരുക്കുകയും ആഴ്ചയിൽ ഒരു ദിവസം പ്രത്യേക ഒ.പി. നടത്തി വരികയും ചെയ്യുന്നു. 26.07.2014 മുതൽ ഉത്തരവ് പ്രകാരമുള്ള ക്രമീകരണങ്ങളോടു കൂടിയ ക്ലിനിക്കും പ്രവർത്തിച്ചു വരുന്നു. സംസ്ഥാന വയോജന നയത്തിനെ ആധാരമാക്കി ആരോഗ്യവകുപ്പിന്റെ വയോജന ആരോഗ്യ പരിപാടിയുടെ ഭാഗമായി ആരംഭിച്ച പദ്ധതിയായതിനാൽ ഇതിന് ഒരു പ്രത്യേക പ്രചരണമോ ഉദ്ഘാടനമോ നടത്തിയിരുന്നില്ല. |
| (ബി) ചേർത്തല താലൂക്ക് ആശുപത്രിയിൽ Geriatric Clinic ഏതെല്ലാം ദിവസങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും ഏതു സമയത്താണെന്നും വ്യക്തമാക്കുമോ ; ഇതിനായി പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുള്ള ഡോക്ടർ ആരാണെന്നു പറയാമോ ; | (ബി) ജെറിയാട്രിക് ക്ലിനിക്ക് എല്ലാ മാസങ്ങളിലും രണ്ടാം ശനിയാഴ്ച ഒഴിച്ചുള്ള എല്ലാ ശനിയാഴ്ചകളിലും രാവിലെ 10 മുതൽ 1 മണി വരെ നടത്തി വരുന്നു. ഇതിനായി ഈ ആശുപത്രിയിലെ ഡോ. ജോസഫ്, ജൂനിയർ കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. പ്രത്യേക |

(....2)

Geriatric Clinic -ലേയ്ക്കാവശ്യമായ ഏതെല്ലാം മരുന്നുകൾ എത്രമാത്രം ഇവിടെ സ്റ്റോക്കുണ്ടെന്നു പറയാമോ ; ഈ ക്ലിനിക്കിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള രോഗികൾ എത്ര പേരാണെന്ന് പറയാമോ ; ഇതിന്റെ പ്രവർത്തനത്തിനായി അനുവദിച്ചിരുന്ന ഫണ്ട് 2014 മാർച്ച് മുതൽ വിനിയോഗിച്ചു വരുന്നതിന്റെ കണക്ക് വ്യക്തമാക്കുമോ ?

രജിസ്റ്ററും സൂക്ഷിക്കുന്നുണ്ട്. നിലവിലുള്ള മരുന്നുകളും അതിന്റെ സ്റ്റോക്കും

| | | |
|---|---|---|
| Tab. Metformin 500 mg | - | 2615 |
| Tab. Atorvastain 10 mg | - | 3290 |
| Tab. Clopidogrol 75 mg | - | 3610 |

26.07.2014 മുതൽ 29.11.2014 വരെ 36 രോഗികൾ.

2013-2014 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഒരു ലക്ഷം രൂപയിൽ 94,973/- രൂപ ചെലവാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ